## പതിമൂന്നാം കേരളനിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യ നമ്പർ : 3521** 10.04.2013 - ലെ മറുപടിയ്ക്ക്

## സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോഗ്രാം

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>'' ഐ.സി.ബാലകൃഷ്ണൻ<br>'' പാലോട് രവി<br>'' പി.സി..വിഷ്ണുനാഥ് | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോഗ്രാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. ശ്രീ.സി.രംഗരാജന്റെ അദ്ധ്യക്ഷതയിൽ 2001 ൽ രൂപീകരിക്കപ്പെട്ട നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ റിപ്പോർട്ടിന്റെ തുടർ നടപടിയായി നടപ്പാക്കുന്ന ഇൻഡ്യാ സ്റ്റാറ്റിസ്റ്റിക്കൽ സ്ട്രെങ്ത്തനിംഗ് പ്രോജക്ട് (ISSP)എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ കേരള സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ (Kerala State Strategic Statistical Plan) (KSSSP) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ധാരണാപത്രം (MOU)16-03-2012 ന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒപ്പു വയ്ക്കുകയും ഇതിൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | സംസ്ഥാന സ്ഥിതിവിവര ശേഖരണ വിതരണ സംവിധാനങ്ങൾ നവീകരിച്ച് ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത് ; | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒപ്പു വച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിനുള്ള ഫണ്ട് കേന്ദ്ര സംസ്ഥാന സർക്കാരുകളാണ് വഹിക്കുന്നത്. ടി പദ്ധതി നടപ്പാക്കുന്നതിനായി ഏജൻസികളൊന്നും തന്നെയില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | (ഡി) | നാളിതുവരെ ടി സ്കീമിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(1).** സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരണം- കമ്മീഷൻ രൂപീകരിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്.<br><br>**(2).** ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയും വിദഗ്ധ സമിതികളും-വകുപ്പു നടപ്പിലാക്കുന്ന എല്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആക്ടിവിറ്റികളുടെയും മോണിറ്ററിംഗിനു വേണ്ടി കെ.എസ്.എസ്.എസ്.പി ശുപാർശ ചെയ്തിട്ടുള്ള ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.സി.പി.ജോൺ ചെയർമാനായി രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വകുപ്പ് നടത്തി വരുന്ന പ്രധാന സ്കീമുകളായ അഗ്രികൾച്ചർ സ്റ്റാറ്റിസ്റ്റിക്സ്, പ്രൈസ് ആന്റ് പ്രൈസ് ഇൻഡിസസ്, സ്റ്റേറ്റ് ഇൻകം തുടങ്ങിയവയുടെ നിലവിലെ മെത്തഡോളജി പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പരിഷ്കരിക്കുന്നതിനുമായി പ്രോജക്ടിൽ ശുപാർശ ചെയ്തിട്ടുള്ള വിദഗ്ധ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

3. റീ സ്ട്രക്ചറിംഗ് ഓഫ് ഡി.ഇ.എസ്- കെ.എസ്.എസ്.എസ്.പി റിപ്പോർട്ടിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഡയറക്ടർ തസ്തിക ഡയറക്ടർ ജനലറായി അപ്ഗ്രേഡ് ചെയ്യുന്നതിനും കുടാതെ ഡയറക്ടർ (എസ്.ഡി.പി), ഡയറക്ടർ (എസ്.ഡി.ആർ.റ്റി), ഒരു അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

4. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനായി ഇപ്പോൾ ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള സൗകര്യങ്ങൾ അപര്യാപ്തമായതിനാൽ വകുപ്പിന്റെ തന്നെ നിയന്ത്രണത്തിലുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി കെ.എസ്.എസ്.എസ്.പി റിപ്പോർട്ടിൽ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി ആവശ്യം ധാരണാപത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഉന്നതാധികാരസമിതി (SHLSC) കെ.എസ്.എസ്.എസ്.പി യിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രെയിനിംഗ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (IMG) നോടോ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ (GIFT) നോടോ അറ്റാച്ച് ചെയ്ത് പ്രത്യേകം സ്വയംഭരണ സ്ഥാപനമായി തുടങ്ങുവാൻ തീരുമാനിക്കുകയുണ്ടായി.ഇപ്പോൾ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഐ.എം.ജിയോട് ചേർന്ന് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡിപ്പാർട്ട്മെന്റും ഐ.എം.ജിയുമായി ഒപ്പു വയ്ക്കേണ്ടുന്ന ധാരണാപത്രം തയ്യാറാക്കിവരുന്നു.

5). വർക്ക് സ്റ്റഡി-കേഡർ സ്ട്രക്ചർ ആന്റ് പേഴ്സണൽ മാനേജ്മെന്റ് - വകുപ്പിലെ വിവിധ സ്കീമുകളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ജോലിഭാരത്തെ സംബന്ധിച്ചും വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെയും ലൈൻ ഡിപ്പാർട്ട്മെന്റുകളിലെ സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചും പുതുതായി ഉണ്ടാക്കേണ്ടുന്നതും ഒഴിവാക്കേണ്ടുന്നതുമായ തസ്തികകളെ സംബന്ധിച്ചും വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രോജക്ടിൽ ഉൾപ്പെടുത്തി വർക്ക് സ്റ്റഡി നടത്തുന്നതിന് ഐ.എം.ജി സമ്മതം അറിയിച്ചിട്ടുണ്ട്.

6). അടിസ്ഥാന സൗകര്യ വികസനം- വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 28 താലൂക്ക് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും 61 താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾക്ക് ഫീൽഡ് ലെവൽ ഇൻസ്പെക്ഷൻ നടത്തുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കും വാഹനം വാങ്ങുന്നതിനും കൂടാതെ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ കമ്പ്യൂട്ടർ ആന്റ് ഇൻഫർമേഷൻ ടെക്നോളജി സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഓഫീസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണീച്ചർ വാങ്ങുന്നതിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

7). സ്റ്റേറ്റ് ലെവൽ എസ്റ്റിമേറ്റ്സ് ഓഫ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്-സംസ്ഥാന വരുമാന നിർണ്ണയത്തിന്റെ ഭാഗമായി അൺ ഓർഗനൈസ്ഡ് സെക്ടറിലെ അറവുശാലകളിൽ കശാപ്പ് ചെയ്യുന്ന മൃഗങ്ങളുടെ റേറ്റ്സ് ആന്റ് റേഷ്യോസ് എസ്റ്റിമേറ്റ് ചെയ്യുന്നതിനു വേണ്ടി ഒരു അഡ്ഹോക്ക് സർവ്വെ കെ.എസ്.എസ്.എസ്.പി യുടെ ഭാഗമായി ജില്ലാതലത്തിൽ നടന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**